March 2013

(For Scheme I Candidates only)

# Second Year Higher Secondary Examination

Part – III

## POLITICAL SCIENCE

Maximum : 80 Scores

Time : 2½ Hours
Cool off time : 15 Minutes

***General Instructions to Candidates :***

- There is a 'cool off time' of 15 minutes in addition to the writing time of 2½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool off time'.
- Use the 'cool off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Electronic devices except non programmable calculators are not allowed in the Examination Hall.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. After Independence, India had to face three kinds of challenges. Write a note on these challenges. **(4)**

2. Before the first General Election in Independent India, 'Organizer', a magazine wrote that "Jawaharlal Nehru would live to confess the failure of Universal Adult Franchise in India". Explain your views on this statement. **(3)**

3. In the first General Election of Independent India Indian National Congress won 364 out of 489 seats in Lok Sabha. Give the name of the party which occupied second position with 16 seats. **(1)**

4. Write the name of the first Indian to become the Governor General of India. **(1)**

5. The First Five Year Plan (1951-56) saught to get the country's economy out of the cycle of poverty. Explain the priorities of First Five Year Plan. **(2)**

1. സ്വാതന്ത്ര്യാനന്തര ഇന്ത്യയ്ക്ക് മൂന്ന് തരത്തിലുള്ള വെല്ലുവിളികൾ നേരിടേണ്ടി വന്നു. ഈ വെല്ലുവിളികളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **(4)**

2. സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ പൊതു തെരഞ്ഞെടുപ്പിന് മുമ്പായി 'ഓർഗനൈസർ' മാസിക ഇങ്ങനെ എഴുതി : ''ജവഹർലാൽ നെഹ്റു ജീവിക്കുന്നത് ഇന്ത്യയിലെ പ്രായ പൂർത്തി വോട്ടവകാശ സമ്പ്രദായ ത്തിന്റെ പരാജയത്തിന്റെ പാപഭാരം ഏറ്റു പറയുന്നതിനായിരിക്കും ''. ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ അഭിപ്രായം എഴുതുക. **(3)**

3. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ പൊതു തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 489 ലോക്സഭാ സീറ്റുകളിൽ 364 സീറ്റുകൾ നേടി. 16 സീറ്റുമായി രണ്ടാം സ്ഥാനത്തെത്തിയ പാർട്ടി ഏതെന്ന് എഴുതുക. **(1)**

4. ഇന്ത്യയുടെ ഗവർണർ ജനറലായ ആദ്യത്തെ ഭാരതീയന്റെ പേര് എഴുതുക. **(1)**

5. ഒന്നാം പഞ്ചവൽസര പദ്ധതി (1951-56) രാഷ്ട്രത്തെ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിനാണ് ശ്രമിച്ചത്. ഒന്നാം പഞ്ചവൽസര പദ്ധതിയുടെ മുൻഗണനാ വിഷയങ്ങൾ വിവരിക്കുക. **(2)**

6. Famous economist P.C. Mahalanobis assisted the planning process in India. Give the name of the Five Year Plan drafted under his leadership. **(1)**

7. India adopted the pattern of 'Mixed Economy' combining capitalism and socialism. Examine the features of mixed economy existing in India. **(3)**

8. China launched a swift and massive invasion in October 1962. The China war dented India's image at home and abroad. Write a note on the consequences of Chinese war in India. **(4)**

9. At the time of Indian independence, there was two power-blocks in the world, one lead by USA and the other by former USSR. India adopted a policy of Non-Alignment in international relations. Write the main features of India's policy of Non-Alignment. **(3)**

6. പ്രശസ്ത ധനതത്ത്വ ശാസ്ത്രജ്ഞ നായ പി.സി. മഹാലനോബിസ് ഇന്ത്യയിലെ പ്ലാനിംഗ് പ്രക്രിയയെ സഹായിച്ചു. അദ്ദേഹത്തിന്റെ മേൽ നോട്ടത്തിൽ തയ്യാറാക്കിയ പഞ്ചവൽസരപദ്ധതിയുടെ പേര് എഴുതുക. **(1)**

7. മുതലാളിത്ത വ്യവസ്ഥിതിയും സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും സംയോജിപ്പിച്ചുള്ള സമ്മിശ്ര സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യ സ്വീകരിച്ചത്. ഇന്ത്യയിലെ സമ്മിശ്ര സമ്പദ് വ്യവസ്ഥിതിയുടെ മുഖ്യ ലക്ഷണങ്ങൾ പരിശോധിക്കുക. **(3)**

8. 1962 ഒക്ടോബർ മാസം ചൈന ഇന്ത്യയെ ദ്രുതഗതിയിൽ ശക്ത മായി ആക്രമിച്ചു. ചൈനയു മായുണ്ടായ യുദ്ധം അഭ്യന്തര രംഗത്തും അന്തർദേശീയ രംഗ ത്തും ഇന്ത്യയുടെ പ്രതിച്ഛായക്ക് പ്രഹരമേൽപ്പിച്ചു. ഇന്ത്യയിൽ ചൈന യുദ്ധം ഉണ്ടാക്കിയ പ്രത്യാഘാതങ്ങളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **(4)**

9. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് അമേരിക്കയുടെയും മുൻ സോവിയറ്റ് യൂണിയന്റെയും നേതൃത്വത്തിലുള്ള രണ്ട് ശാക്തിക ചേരികളാണ് ലോകത്ത് ഉണ്ടായി രുന്നത്. അന്തർ ദേശീയ രംഗത്ത് ഇന്ത്യ സ്വീകരിച്ചത് ചേരി ചേരാ നയമാണ്. ഇന്ത്യയുടെ ചേരി ചേരാ നയത്തിന്റെ പ്രധാന ലക്ഷണങ്ങൾ എഴുതുക. **(3)**

10. Indira Gandhi made this into a major election issue in 1971 and got a lot of public support. Following its massive victory in the 1971 election, the Constitution was amended to remove legal obstacles for the enforcement of this policy.

Write a note on the above policy and the measures adopted to implement it. **(2)**

11. On June 25, 1975 the Government of India declared a National Emergency under Article 352. Write the major consequences of the declaration of National Emergency. **(4)**

12. Chipko movement was one of the world famous environmental movements in our country. Write a note on the result of the movement. **(3)**

13. Medha Patkar is leading a social movement against Sardar Saroovar Project. Give the name of the movement with which she is associated. **(1)**

10. ഇന്ദിരാ ഗാന്ധി ഇത് 1971 ലെ പൊതു തെരഞ്ഞെടുപ്പിലെ പ്രധാന വിഷയമാക്കി മാറ്റുകയും വൻ ജന പിന്തുണ നേടുകയും ചെയ്തു. ഈ തെരഞ്ഞെടുപ്പിലെ വൻ വിജയത്തെ തുടർന്ന് ഭരണ ഘടന ഭേദഗതി ചെയ്ത് ഈ നയം നടപ്പിലാക്കുന്നതിനുള്ള നിയമപരമായ തടസ്സങ്ങൾ നീക്കി.

മേൽ വിവരിച്ച നയത്തെ കുറിച്ചും ഇത് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളെയും കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **(2)**

11. 1975 ജൂൺ മാസം 25-ാം തീയതി ഇന്ത്യാ ഗവൺമെന്റ് 352-ാം വകുപ്പ് പ്രകാരം അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു. ഈ അടിയന്തിരാവസ്ഥ പ്രഖ്യാപനത്തിന്റെ പ്രധാന പരിണത ഫലങ്ങൾ എഴുതുക. **(4)**

12. ഇന്ത്യയിൽ ആരംഭിച്ച ചിപ്കോ പ്രസ്ഥാനം ലോക പ്രശസ്ത പരിസ്ഥിതി പ്രസ്ഥാനങ്ങളിൽ ഒന്നായിരുന്നു. ഈ പ്രസ്ഥാനത്തിന്റെ ഫലം എന്തായിരുന്നു എന്നതിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **(3)**

13. മേധ പട്ക്കർ സർദാർ സരോവർ പദ്ധതിക്കെതിരെയുള്ള ബഹുജന പ്രസ്ഥാനത്തെ നയിക്കുന്നു. ഈ ബഹുജനപ്രസ്ഥാനത്തിന്റെ പേര് എഴുതുക. **(1)**

14. Prepare a seminar paper on Kashmir issue.

OR

Write an essay on the issue of demand for regional autonomy in the context of Jammu and Kashmir and North Eastern States. **(6)**

15. After 1988 the country witnessed five developments having long lasting impact on our politics. Write three of these events. **(3)**

16. B. P. Mandal was the Chairman of the Second Backward Classes Commission that recommended reservation for Other Backward Classes.

Write a note on the implementation of Mandal Commission Report. **(3)**

17. Write the name of American President at the time of Cuban Missil crisis. **(1)**

18. North Atlantic Treaty Organization (NATO) is a military alliance under the leadership of USA.

Write a note on its formation and the reaction of the Soviet Union to the alliance. **(3)**

14. കാശ്മീർ പ്രശ്നത്തെ കുറിച്ച് ഒരു സെമിനാർ പേപ്പർ തയ്യാറാക്കുക.

**അല്ലെങ്കിൽ**

ജമ്മുകാശ്മീരിന്റെയും വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെയും പശ്ചാത്തലത്തിൽ പ്രാദേശിക സ്വയംഭരണാവകാശത്തിനുള്ള ആവശ്യങ്ങളെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക. **(6)**

15. 1988 ന് ശേഷം ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥയെ ഗണ്യമായി സ്വാധീനിച്ച അഞ്ച് സംഭവങ്ങൾക്ക് രാഷ്ട്രം സാക്ഷിയായി. ഇതിൽ മൂന്ന് സംഭവങ്ങൾ എഴുതുക. **(3)**

16. മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ശുപാർശ ചെയ്ത രണ്ടാം പിന്നോക്ക വിഭാഗ കമ്മീഷന്റെ അധ്യക്ഷനായിരുന്നു ബി.പി. മണ്ഡൽ.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കലിനെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **(3)**

17. ക്യൂബൻ മിസൈൽ പ്രതിസന്ധിഘട്ടത്തിലെ അമേരിക്കൻ പ്രസിഡന്റിന്റെ പേര് എഴുതുക. **(1)**

18. നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ (നാറ്റോ) എന്നത് അമേരിക്കയുടെ നേതൃത്വത്തിലുള്ള സൈനിക സഖ്യ ഉടമ്പടിയാണ്.

ഈ സൈനിക സഖ്യത്തിന്റെ രൂപീകരണത്തെ കുറിച്ചും ഈ സഖ്യത്തോടുള്ള സോവിയറ്റ് യൂണിയന്റെ പ്രതികരണത്തെ കുറിച്ചും ഒരു കുറിപ്പ് തയ്യാറാക്കുക. **(3)**

19. The collapse of the Soviet Union had profound consequences on World Politics.

Write two of these consequences. **(2)**

20. In terms of loss of life, 9/11 was the most severe attack on US soil since the founding of the country in 1776.

Discuss the impact of 9/11 and US reaction to it. **(4)**

21. We can identify three constraints on American Power. Write two of these. **(2)**

22. 'The European Union has started to act more as a nation state.'

Do you agree with the above statement ? Give reasons for your argument. **(4)**

23. The Government of India and Bangladesh have differences over several issues. Write three such issues. **(2)**

24. SAARC members signed the South Asian Free Trade Agreement (SAFTA) in 2004. Write the aim of SAFTA. **(2)**

19. സോവിയറ്റ് യൂണിയന്റെ തകർച്ച ലോകരാഷ്ട്രീയത്തിൽ അഗാധമായ പല പരിണത ഫലങ്ങളും ഉണ്ടാക്കി.

രണ്ട് പരിണത ഫലങ്ങൾ എഴുതുക. **(2)**

20. 1776 ൽ അമേരിക്ക സ്ഥാപിതമായതിനു ശേഷമുള്ള ഏറ്റവും ഭീകരമായ ആൾ നാശമാണ് 9/11 അമേരിക്കയിലുണ്ടായത്.

9/11 അമേരിക്കയിലുണ്ടായ ആഘാതവും അമേരിക്കയുടെ പ്രതികരണവും ചർച്ച ചെയ്യുക. **(4)**

21. അമേരിക്കയുടെ ശക്തിയെ പരിമിതപ്പെടുത്തുന്ന മൂന്ന് ഘടകങ്ങൾ നമുക്ക് തിരിച്ചറിയാം. ഇതിൽ രണ്ട് ഘടകങ്ങൾ എഴുതുക. **(2)**

22. 'യൂറോപ്പ്യൻ യൂണിയൻ ഒരു ദേശരാഷ്ട്രത്തെ പോലെ പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു'.

മേൽപറഞ്ഞിരിക്കുന്ന പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?

നിങ്ങളുടെ വാദമുഖത്തിന്റെ കാരണങ്ങൾ എഴുതുക. **(4)**

23. ഇന്ത്യൻ ഗവൺമെന്റും, ബംഗ്ലാദേശും തമ്മിൽ പല വിഷയങ്ങളിലും അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. ഇത്തരം മൂന്ന് വിഷയങ്ങൾ എഴുതുക. **(2)**

24. 2004 ൽ സാർക്ക് അംഗരാജ്യങ്ങൾ ദക്ഷിണേഷ്യൻ സ്വതന്ത്രവ്യാപാര കരാറിൽ ഒപ്പുവച്ചു. ഈ ഉടമ്പടിയുടെ ലക്ഷ്യം എന്തെന്ന് എഴുതുക. **(2)**

25. 'The UN is an imperfect body but without it the world would be worse off'.

In the light of the above statement write an essay on the role of UN in maintaining world peace.

OR

Critically evaluate the structure and functioning of UN Security Council. **(6)**

26. Write a note on terrorism as a threat to security in the world. **(4)**

27. The Earth Summit in 1992 addressed the issue of Global Environmental Protection. Write the significance of this summit. **(2)**

28. Globalisation has political economic and cultural consequences. Illustrate the above statement. **(4)**

25. 'ഐക്യരാഷ്ട്രസംഘടന അപൂർണമായ ഒന്നാണ്. പക്ഷെ ഇത് ഇല്ലെങ്കിൽ ലോകം ഇപ്പോഴത്തെക്കാൾ മോശമായ അവസ്ഥയിലായിരിക്കും.'

മേൽ വിവരിച്ച പ്രസ്താവനയുടെ വെളിച്ചത്തിൽ ലോക സമാധാനം നില നിർത്തുന്നതിൽ ഐക്യരാഷ്ട്ര സഭയുടെ പങ്കിനെ കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

ഐക്യരാഷ്ട്ര സുരക്ഷാ സമിതിയുടെ ഘടനയും പ്രവർത്തനവും വിമർശനാത്മകമായി വിലയിരുത്തുക. **(6)**

26. ഭീകരവാദം ലോക സുരക്ഷക്ക് ഉയർത്തുന്ന വെല്ലുവിളികളെ കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. **(4)**

27. 1992 ൽ നടന്ന ഭൗമ ഉച്ചകോടിയുടെ പ്രദിപാദ്യ വിഷയം ആഗോള പരിസ്ഥിതി സംരക്ഷണമായിരുന്നു. ഈ ഉച്ചകോടിയുടെ പ്രാധാന്യം എഴുതുക. **(2)**

28. ആഗോളവൽക്കരണത്തിന് രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ പരിണത ഫലങ്ങൾ ഉണ്ട്.

മുകളിൽ പറഞ്ഞിരിക്കുന്ന പ്രസ്താവന തെളിയിക്കുക. **(4)**

---